# സർക്കുല
# ർ

വിഷയം:- വിഷയം:- വിമുക്തഭടന്മാരുടെ മക്കൾക്ക് 2026-2027 അധ്യയന വർഷത്തിലെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനത്തിന് സാമ്പത്തിക സഹായം അനുവദിച്ചു നൽകുന്നതിനായി അപേക്ഷകൾ പരിഗണിക്കുന്നത് സംബന്ധിച്ച് മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനത്തിന് ആറു മാസത്തിൽ കുറയാത്ത കാലയളവിൽ പങ്കെടുക്കുകയും മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ എഴുതുകയും ചെയ്ത വിമുക്തഭടന്മാരുടെ മക്കൾക്ക് സാമ്പത്തിക സഹായത്തിനു സർവീസ് പ്ലസ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വരുമാന പരിധി ഇല്ല. കോച്ചിംഗ് നടത്തുന്ന സ്ഥാപന മേധാവിയുടെ കോച്ചിംഗ് കാലയളവ് സൂചിപ്പിക്കുന്ന സാക്ഷ്യപത്രവും ഫീസടച്ചതിന്റെ അസ്സൽ രസീതും ഉള്ളടക്കം ചെയ്യണം. സാമ്പത്തിക സഹായത്തിനു അർഹതയുള്ള ഗുണഭോക്താവിനു ആയത് ലഭിക്കുന്നു എന്നുറപ്പ് വരുത്തുവാൻ ഫീസ് രസീത്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ പരിശോധിച്ചു എൻട്രൻസ് പരീക്ഷ കോച്ചിങ്ങിനു പങ്കെടുത്ത കാലയളവുമായി യോജിക്കുന്നുണ്ടോ എന്ന് ജില്ലാ സൈനികക്ഷേമ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

2. 25 വയസു കഴിഞ്ഞ കുട്ടികൾ/വിവാഹിതരായ മക്കൾ/സർക്കാർ ജോലിക്കാരായ കുട്ടികൾ എന്നിവർ സാമ്പത്തിക സഹായത്തിനു അർഹരല്ല.

3. സാമ്പത്തിക സഹായം മെഡിക്കൽ/എഞ്ചിനീയറിംഗ് ഇവയിൽ ഏതെങ്കിലും ഒന്നിനേ ലഭ്യമാവുകയുള്ളൂ.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് ഒരുമിച്ചു കിട്ടിയ കോച്ചിംഗ് ഒറ്റ ക്ലാസ്സായി കണക്കാക്കും. ഒരു വിദ്യാർത്ഥിക്ക് സാമ്പത്തിക സഹായം ഒരു പ്രാവശ്യം എന്ന് പരിമിതപ്പെടുത്തിയിരിക്കുന്നു.

4. സാമ്പത്തിക സഹായം Rs-12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപയാണ്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് അപേക്ഷകരുടെ എണ്ണം കൂടുതലാണെങ്കിൽ SSLC/തത്തുല്യ പരീക്ഷയുടെ മാർക്ക്/ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും.

5. അർഹരായ അപേക്ഷകർക്ക് അനുവദിച്ച സാമ്പത്തിക സഹായം വിമുക്തഭടന്/നിയമപ്രകാരമുള്ള രക്ഷിതാവിനു അതാതു ജില്ല സൈനികക്ഷേമ ഓഫീസർ മുഖേന നൽകും.

6. എൻട്രൻസ് പരീക്ഷ കമ്മീഷണർ നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം തിരിച്ചറിയൽ കാർഡ് ഇന്റർനെറ്റ് മുഖന ഡൌൺലോഡ് ചെയ്ത് എടുത്തതാണെങ്കിൽ അതിന്റെ സാധുത ജില്ല സൈനികക്ഷേമ ഓഫീസർ ഇന്റർനെറ്റ് വഴി ഒത്തു നോക്കി ഉറപ്പുവരുത്തേണ്ടതാണ്.

7. ഓൺലൈനായി ലഭിച്ച അപേക്ഷയും മറ്റു അനുബന്ധ രേഖകളും ജില്ല സൈനികക്ഷേമ ഓഫീസർ പരിശോധിച്ചു എല്ലാം ശരിയായി പൂരിപ്പിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്. അപേക്ഷകളും മറ്റു അനുബന്ധ രേഖകളും ഒത്തു നോക്കി അപേക്ഷയുടെ ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്. ഡിസ്ചാർജ്ജ് ബുക്ക്,PPO എന്നിവ കൂടി പരിശോധിക്കേണ്ടതാണ്.

സർവീസ് പ്ലസ് പ്ലാറ്റ് ഫോമിൽ അപ് ലോഡ് ചെയ്യേണ്ട രേഖകൾ താഴെ കൊടുത്തിരിക്കുന്നു.

a. കോച്ചിംഗ് സെന്റർ മേധാവിയുടെ സാക്ഷ്യപത്രം.

b. അസ്സൽ ഫീസ് രശീത്.

c. അസ്സൽ SSLC സർട്ടിഫിക്കറ്റ്.

d. DOB തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.

e. ഹാൾ ടിക്കറ്റ്/അഡ്മിറ്റ് കാർഡ്.

f. അവിവാഹിത സർട്ടിഫിക്കറ്റ്.

(18 വയസ് കഴിഞ്ഞ പെൺകുട്ടികൾക്കും 21 വയസ്സ് കഴിഞ്ഞ ആൺകുട്ടികൾക്കും മാത്രം ബാധകം)

g. അസ്സൽ വിമുക്തഭട തിരിച്ചറിയൽ കാർഡ്.

h. അസ്സൽ ഡിസ്ചാർജ്ജ് ബുക്ക്.

i. ബാങ്ക് പാസ് ബുക്ക്

j. തൊഴിൽ രഹിത സർട്ടിഫിക്കറ്റ്.

(18 വയസ് കഴിഞ്ഞ എല്ലാ കുട്ടികൾക്കു ബാധകം)

8. ഒരു വിദ്യാർത്ഥിക്ക് സാമ്പത്തിക സഹായം ഒരു പ്രാവശ്യം മാത്രം എന്ന് പരിമിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ **Entrance Coaching Repeat** ചെയ്യുന്ന വിദ്യർത്ഥി രണ്ടാമതും ഈ ഗ്രാന്റിന് അപേക്ഷിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി 'ഈ വിദ്യർത്ഥിക്കായി ഇതിനു മുൻപ് ഈ ഗ്രാന്റ് കൈപ്പറ്റിയിട്ടില്ല' എന്ന സത്യവാങ്മൂലം ESM/WIDOW യിൽ നിന്ന് വാങ്ങി ജില്ലാ സൈനികക്ഷേമ ഓഫീസർ അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

9. ഗുണഭോക്താക്കൾ അപേക്ഷയും അപ് ലോഡ് ചെയ്യേണ്ട മറ്റു അനുബന്ധ രേഖകളും ഓൺലൈൻ മുഖേന 25 ജൂലൈ 2026 5PMന് മുൻപായി അതാതു ജില്ലാ സൈനികക്ഷേമ ഓഫീസുകളിൽ സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷകൾ 10 ആഗസ്റ്റ് 2026 5PMന് മുൻപായി ഈ

കാര്യാലയത്തിൽ ലഭിക്കത്തക്കവിധം ജില്ലാ ഓഫീസുകൾ സർവീസ് പ്ലസ് പ്ലാറ്റ് ഫോം മുഖേന ഓൺലൈനായി സമർപ്പി ക്കേണ്ടതുമാണ്. ഓൺലൈൻ മുഖേന ശിപാർശ ചെയ്യയക്കുന്ന അപേക്ഷകൾ മേൽ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായ അപേക്ഷകളായിരിക്കണം എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.